ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതിക്ക് കീഴിൽ 31 അപേക്ഷകൾക്ക് കൂടി അംഗീകാരം നൽകി കേന്ദ്ര സർക്കാർ.**

   **Government approves 31 new proposals under Electronics Components Manufacturing Scheme.**

2. **സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി രാജ്യത്ത് ആക്രമണങ്ങൾ നടത്താൻ പദ്ധതിയിട്ട ഷഹ്സാദ് ഭട്ടി നെറ്റ്‌വർക്ക് ഭീകരസംഘടനയെ തകർത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**

   **ISI-backed terror group Shahzad Bhatti network destroyed ahead of Independence Day, says Home Minister Amit Shah; Over 200 operatives held.**

3. **വിഴിഞ്ഞം തുറമുഖത്ത് നിന്ന് നേരിട്ടുള്ള കയറ്റിറക്കുമതിക്ക് ഇന്നു തുടക്കമാകും. ആദ്യ കണ്ടെയ്നർ മുഖ്യമന്ത്രി വി.ഡി. സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.**

   **Direct import and export operations from the Vizhinjam port will commence today. Chief Minister V.D. Satheesan**

will flag off the first container. Union Minister Sarbananda Sonowal will be the chief guest.

4. പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ. സഹകരണം, സുസ്ഥിരത പ്രധാന ചർച്ചാ വിഷയം.

The 12th BRICS Environment Ministers' Meeting will be held today in New Delhi. Cooperation and sustainability will be the main topics of discussion.

5. അതിതീവ്ര മഴ സാധ്യതയെ തുടർന്ന് ഝാർഖണ്ഡിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

The India Meteorological Department has issued a red alert in Jharkhand today due to the possibility of extremely heavy rainfall. In Keralam, yellow alert has been issued for four districts today.

6. 6. BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങൾക്ക് വിജയത്തുടക്കം.

Indian players have made a winning start at the BWF World Badminton Championships.

❁❁❁❁❁❁❁❁❁❁❁❁❁

**ASHWINI VAISHNAW (INTRO)**

ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതി പ്രകാരം

31 അപേക്ഷകൾക്ക് കൂടി അംഗീകാരം നൽകി കേന്ദ്ര സർക്കാർ. ഏഴായിരത്തി എണ്ണൂറ്റി എഴുപത്തേഴ് കോടി രൂപയുടെ നിക്ഷേപമാണ് ഈ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 82,000 കോടി രൂപയുടെ ഇലക്ട്രോണിക് ഘടകങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഒൻപതിനായിരത്തി അഞ്ഞൂറിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഈ തീരുമാനം വഴിയൊരുക്കും. തമിഴ്നാട്ടിൽ നിന്നുള്ള ഏഴും മഹാരാഷ്ട്ര, ഹരിയാന എന്നിവിടങ്ങളിൽ നിന്ന് ആറു വീതവും ഉൾപ്പെടെ 10 സംസ്ഥാനങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭിച്ചത്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അപേക്ഷകർക്ക് അംഗീകാര പത്രങ്ങൾ കൈമാറി. പദ്ധതിക്ക് കീഴിൽ ഇതുവരെ അംഗീകാരം ലഭിച്ച ആകെ കമ്പനികളുടെ എണ്ണം 106 ആയി ഉയർന്നതായി കേന്ദ്ര മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ് )

**AMITH SHAH**

സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി രാജ്യത്ത് ആക്രമണങ്ങൾ നടത്താൻ പദ്ധതിയിട്ട ഐ.എസ്.ഐ പിന്തുണയുള്ള ഷഹ്സാദ് ഭട്ടി നെറ്റ്വർക്ക് എന്ന ഭീകരസംഘടനയെ തകർത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

14 സംസ്ഥാനങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ ഏകോപിപ്പിച്ചുള്ള റെയ്ഡുകൾ നടത്തി ഭീകര ശൃംഖലയെ തകർത്തതായും, 200-

ലധികം ഭീകരപ്രവർത്തകരെ അറസ്റ്റ് ചെയ്തതായും അദ്ദേഹം അറിയിച്ചു. ഉത്തർപ്രദേശിൽ നിന്ന് 62-ഉം, ഹരിയാനയിൽ നിന്ന് 52-ഉം, ഡൽഹിയിൽ നിന്ന് 51-ഉം, പഞ്ചാബിൽ നിന്ന് 44-ഉം പേർ ഉൾപ്പെടെ ഇരുന്നൂറിലധികം പേർ പിടിയിലായിട്ടുണ്ട്. പാകിസ്ഥാൻ ആയുധ ഫാക്ടറിയുടെ മുദ്രയുള്ള ഗ്രനേഡുകൾ, സ്ഫോടകവസ്തുക്കൾ, പിസ്റ്റളുകൾ, വെടിയുണ്ടകൾ, സി.സി.ടി.വി ക്യാമറകൾ എന്നിവ പിടിച്ചെടുത്തതായും ശ്രീ അമിത് ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

## INDIA - BRICS MEETING

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് യോഗത്തിൽ അധ്യക്ഷത വഹിക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കൽ' എന്ന ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയുടെ പ്രധാന പ്രമേയത്തിന് കീഴിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിസ്ഥിതി വർക്കിംഗ് ഗ്രൂപ്പ്, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം എന്നിവ കൈകാര്യം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗം ഇന്നലെ ചേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## JOSHI- NTA MEETING

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു. പരീക്ഷ നടപടിക്രമങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ അടിയന്തരമായി നടപ്പിലാക്കാനും മന്ത്രി നിർദ്ദേശം നൽകി. പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിനായി NTA സ്വീകരിച്ച നടപടികളെക്കുറിച്ച് ഉദ്യോഗസ്ഥർ മന്ത്രിയെ ധരിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JHARKHAND-PROTEST

ഝാർഖണ്ഡിൽ പരീക്ഷാ ക്രമക്കേടിലെ വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്ന് TDPL ഏജൻസി നടത്തിയ JSSC-CGL പരീക്ഷയും മറ്റ് എല്ലാ മത്സര പരീക്ഷകളും റദ്ദാക്കി. മുഖ്യമന്ത്രി ഹേമന്ത് സോറന്റെ അധ്യക്ഷതയിൽ ഇന്നലെ വൈകിട്ട് ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. ഇതിനു പുറമെ 2014 മുതൽ ഝാർഖണ്ഡ് പബ്ലിക് സർവ്വീസ് കമ്മീഷൻ, ഝാർഖണ്ഡ് സ്റ്റാഫ് സെലക്ഷൻ കമ്മീഷനും നടത്തിയ എല്ലാ പരീക്ഷകളിലും സമഗ്ര അന്വേഷണം നടത്താനും സർക്കാർ ഉത്തരവിട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## ARMY CHIEF-NEPAL

ഇന്ത്യൻ കരസേനാ മേധാവി ജനറൽ ധീരജ് സേത്തിന് നേപ്പാൾ സൈന്യത്തിൻറെ ആദരം. ഇന്നലെ കാഠ്മണ്ഡുവിലെ ഷീതൽ നിവാസിൽ നടന്ന പ്രത്യേക ചടങ്ങിൽ നേപ്പാൾ പ്രസിഡൻറ് രാംചന്ദ്ര പൗഡെൽ ഇന്ത്യൻ കരസേനാ മേധാവിക്ക് നേപ്പാൾ സൈന്യത്തിൻറെ ഓണററി ജനറൽ ബഹുമതി നൽകിയാണ് ആദരിച്ചത്.

## SC- ELECTION BLACK MONEY

തിരഞ്ഞെടുപ്പ് ഘട്ടത്തിൽ പിടിച്ചെടുത്ത കള്ളപ്പണവുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകളിൽ കൃത്യസമയത്ത് അന്വേഷണം പൂർത്തിയാക്കാൻ സുപ്രീംകോടതിയുടെ നിർദ്ദേശം. പണമോ ആസ്തികളോ പിടിച്ചെടുത്താൽ 24 മണിക്കൂറിനകം ജില്ലാ മജിസ്ട്രേറ്റിനെയോ, ബന്ധപ്പെട്ട കോടതിയെയോ അറിയിക്കണം. ഒരു വർഷത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നും കോടതി നിർദേശം നൽകി. 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബെല്ലാരിയിൽ വൻതോതിൽ കള്ളപ്പണം പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കവെയാണ് സുപ്രീംകോടതിയുടെ സുപ്രധാന നിർദ്ദേശം.

## INDIA POST- QATAR

ഖത്തറിലുള്ള പ്രവാസികൾക്ക് ഇന്ത്യയിലേക്ക് നേരിട്ട് പണം അയക്കുന്നതിനുള്ള യു.പി.ഐ അധിഷ്ഠിത 'പി.ഒ.എസ് ട്രാൻസ്ഫർ' സേവനം ആരംഭിച്ചതായി കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം. ഖത്തർ പോസ്റ്റ് ഔട്ട്ലെറ്റുകൾ വഴി നേരിട്ട് പണം അയക്കാനാണ് സംവിധാനം ഒരുക്കിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## VIZHINJAM(INTRO)

വിഴിഞ്ഞം തുറമുഖത്തു നിന്നു നേരിട്ടുള്ള കയറ്റിറക്കുമതിക്ക് ഇന്നു തുടക്കമാകും. രാവിലെ 10.45-ന് മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര തുറമുഖമന്ത്രി സർബാനന്ദ സോനോവോൾ മുഖ്യാതിഥിയാകും.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## VARTHALAP

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ഇന്ന് ചേർത്തലയിൽ ഏകദിന മാധ്യമ ശില്പശാല സംഘടിപ്പിക്കും. ആലപ്പുഴ ജില്ലാ പോലീസ്

മേധാവി വിഷ്ണു പ്രദീപ് ഉദ്ഘാടനം ചെയ്യും. പി.ഐ.ബി തിരുവനന്തപുരം അഡീഷണൽ ഡയറക്ടർ ജനറൽ

വി. പളനിച്ചാമി അധ്യക്ഷത വഹിക്കും. അതെസമയം, കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല നാളെ രാവിലെ 9:30 മുതൽ എറണാകുളം മരട് നടക്കും. ജില്ലാ കളക്ടർ പ്രിയങ്ക.ജി പരിപാടി ഉദ്ഘാടനം ചെയ്യും.

## GURUVAYOOR

കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായ ഇല്ലംനിറ ചടങ്ങുകൾക്കായി ഗുരുവായൂർ ക്ഷേത്രം ഒരുങ്ങി. ഇന്ന് രാവിലെ 8:30 മുതൽ 9:30 വരെയാണ് ഇല്ലംനിറ ചടങ്ങുകൾ. ഗുരുവായൂരപ്പന് സമർപ്പിക്കാനുള്ള കതിർക്കറ്റകൾ ക്ഷേത്രത്തിൽ എത്തിച്ചു.

## L MURUGAN

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ - പാർലമെൻററികാര്യ വകുപ്പ് സഹമന്ത്രി എൽ. മുരുകൻ ഇന്ന് രാത്രിയോടെ മലപ്പുറം കോട്ടക്കൽ ആര്യവൈദ്യശാലയിൽ എത്തും. ഒരാഴ്ചത്തെ സന്ദർശനത്തിനാണ് അദ്ദേഹം എത്തുന്നത്.

## SURESH GOPI

തൃശ്ശൂരിൻറെ തനത് കലാരൂപമായ പുലിക്കളിയിൽ കഴിഞ്ഞ വർഷം പങ്കെടുത്ത സംഘങ്ങൾക്ക് കേന്ദ്ര ടൂറിസം വകുപ്പ് അനുവദിച്ച 24 ലക്ഷം രൂപയുടെ ധനസഹായം ഇന്ന് വിതരണം ചെയ്യും. രാവിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തുക സമ്മാനിക്കുക.

## RAIN -KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് കോട്ടയം, എറണാകുളം, കണ്ണൂർ കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

## IMD-ODISHA

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി . ഇന്ന് ഝാർഖണ്ഡിൽ ചുവപ്പ് ജാഗ്രത '

പ്രഖ്യാപിച്ചിട്ടുണ്ട്. ഹിമാചൽ പ്രദേശ്, ബിഹാർ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. അതെസമയം,- വടക്കൻ ഒഡീഷയിൽ പ്രളയ സാഹചര്യം ഗുരുതരമായി തുടരുന്നു. ആറ് ജില്ലകളിലായി 1,304 ഗ്രാമങ്ങളിലെ എട്ട് ലക്ഷത്തോളം ജനങ്ങൾ പ്രളയക്കെടുതികൾ നേരിടുകയാണ്. ഭദ്രക്, ജാജ്പൂർ ജില്ലകളിൽ മുഖ്യമന്ത്രി മോഹൻ ചരൺ മാജി വ്യോമനിരീക്ഷണ നടത്തുകയും ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## BADMINTON WC

ന്യൂഡൽഹിയിൽ ആരംഭിച്ച BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങൾക്ക് വിജയത്തുടക്കം. പുരുഷ സിംഗിൾസിൽ യുവതാരം ആയുഷ് ഷെട്ടി നിലവിലെ ലോക ചാമ്പ്യനും ഒന്നാം റാങ്കുകാരനുമായ ചൈനയുടെ ഷി യു ക്വിയെ അട്ടിമറിച്ചു. വനിതാ സിംഗിൾസിൽ മുൻനിര താരം പി വി സിന്ധു അയർലൻഡിന്റെ സോഫിയ നോബിളിനെതിരെ ആധികാരിക വിജയം നേടി. വനിതാ ഡബിൾസിൽ ഇന്ത്യയുടെ തൃഷ ജോളി–ഗായത്രി ഗോപിചന്ദ് സഖ്യവും കവിപ്രിയ സെൽവം–സിമ്രാൻ സിംഗി സഖ്യവും ആദ്യ റൗണ്ടിൽ സ്പെയിനിന്റെ ജോഡികളെ മറികടന്നു. പുരുഷ ഡബിൾസിൽ

ഇന്ത്യയുടെ എം ആർ അർജുൻ–ഹരിഹരൻ അംശകരുണൻ സഖ്യവും രണ്ടാം റൗണ്ടിലേക്ക് യോഗ്യത നേടി.